# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01 ലക്കം : 02 2020 നവംബർ


# കാസ്പ് കിയോസ്ക് ഉദ്ഘാടനം ചെയ്തു




*'കാസ്പ്' -കിയോസ്കിന്റെ പ്രവർത്തനം ആരോഗ്യകുടുംബക്ഷേമ മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു*

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഒ.പി ബ്ലോക്കിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സ്ഥാപിച്ച കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി- 'കാസ്പ്' -കിയോസ്കിന്റെ പ്രവർത്തനം ആരോഗ്യകുടുംബക്ഷേമ മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്ത സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പദ്ധതി സംബന്ധിച്ച വിവരങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിന് സമാന രീതിയിൽ ഹൈടെക് കിയോസ്കുകളുടെ നിർമാണം പൂർത്തീകരിച്ചു വരുന്നു. ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് പദ്ധതിയുടെ സേവനങ്ങൾ കാലതാമസമില്ലാതെ ലഭ്യമാക്കുന്നതിൽ വിദഗ്ദ്ധ പരിശീലനം ലഭിച്ച ആരോഗ്യമിത്ര/മെഡിക്കൽ കോർഡിനേറ്റർമാർക്കാണ് കിയോസ്ക്കുകളുടെ പരിപാലന ചുമതല.

നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ബെനിഫിഷ്യറി ഐഡന്റിഫിക്കേഷൻ സിസ്റ്റത്തിൽ (BIS) നിന്ന് ഗുണഭോക്താക്കളെ തിരിച്ചറിഞ്ഞ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാർഡ് ലഭ്യമാക്കലും രോഗിയുടെ കാസ്പ് രജിസ്ട്രേഷൻ മുതൽ ഡിസ്ചാർജ് വരെയുള്ള എല്ലാസേവനങ്ങളും പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവിവരങ്ങളും ദൈനംദിന അറിയിപ്പുകളും ഈ കിയോസ്ക്കുകൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാകും.

ചടങ്ങിൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. സാറാവർഗീസ്, സൂപ്രണ്ട് ഡോ.ഷർമത്, സ്റ്റേറ്റ്ഹെൽത്ത് ഏജൻസി ജോയിന്റ് ഡയറക്ടർ ഡോ.ഇ.ബിജോയ്, എൻ. എച്ച്. എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഡി. ആർ. അരുൺ, ഐ.ഇ.സി ആൻഡ് കപ്പാസിറ്റി ബിൽഡിംഗ് മാനേജർ ലത്തീഫ് സി, മാനേജർ (ഐടി) വിവേക് കൃഷ്ണൻ പി.കെ, ജില്ലാ പ്രോജക്ട് കോർഡിനേറ്റർ ബിസ്മി എസ്. ജി നായർ തുടങ്ങിയവർ പങ്കെടുത്തു.

# സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
## ഇ – ഓഫീസ് സംവിധാനത്തിലേക്ക്

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് അത്യാധുനിക സൗകര്യങ്ങളുള്ള ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നു. ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു.

ദ്രുതഗതിയിൽ തീരുമാനം എടുക്കേണ്ട സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പോലുള്ള ഓഫീസുകളിൽ എവിടെയിരുന്നും ജീവനക്കാർക്ക് ഫയലുകൾ തയ്യാറാക്കുന്നതിനും അതിന്മേൽ അതിവേഗം നടപടികൾ പൂർത്തീകരിക്കുന്നതിനും അവ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഇ-ഓഫീസ് സംവിധാനത്തിലൂടെ കഴിയുമെന്ന് മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. കാസ്പ് പദ്ധതി രണ്ടു വർഷം പൂർത്തിയാകുമ്പോൾ 800 കോടിരൂപയുടെ ചികിത്സയാണ് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി ലഭ്യമാക്കിയത്.


കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ചികിത്സാ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും നിലവിൽ ഐ.ടി പ്ലാറ്റ്ഫോമുകളിലൂടെയാണ് നടക്കുന്നത്. അതേ മാതൃകയിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ഫയൽ നടപടികൾ തികച്ചും




'കടലാസ് രഹിത'മാക്കാൻ ഇ-ഓഫീസ് സവിധാനത്തിലൂടെ സാധിക്കും.

പദ്ധതി പ്രവർത്തനം കൂടുതൽ സുതാര്യവും ഫലപ്രദവുമാക്കാൻ സഹായകമാണ് നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (എൻ.ഐ.സി) വികസിപ്പിച്ച ഇ-ഓഫീസ് സംവിധാനം. കടലാസ് ഉപഭോഗം ഒഴിവാക്കി ഓഫീസ് കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കാനും ഇത് സഹായിക്കും. രേഖകൾ അതിവേഗം കണ്ടെത്താനും ഫയൽ നീക്കം വേഗത്തിലാക്കാനും രേഖകൾ ശാസ്ത്രീയമായി സൂക്ഷിക്കാനും ഇതിലൂടെ കഴിയും.

# കോവിഡ് ചികിൽസ സ്വകാര്യ ആശുപത്രികളിലും



ഇന്ത്യയിൽ ആദ്യമായി കോവിഡ് സ്ഥിരീകരിച്ച സംസ്ഥാനം കേരളമാണ്. അന്നുമുതൽ ബൃഹത്തായ പൊതുആരോഗ്യ സംവിധാനങ്ങൾ കോവിഡ് ചികിൽസയ്ക്കു വേണ്ടി തീർത്തും സൗജന്യമായി സംസ്ഥാന സർക്കാർ വിനിയോഗിച്ചു വരികയാണ്. കോവിഡ് രോഗികളുടെ എണ്ണത്തിലുണ്ടായ ഗണ്യമായ വർദ്ധന സ്വകാര്യ ആശുപത്രികളെ കൂടി സഹകരിപ്പിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിപ്പിച്ചു. 81 സ്വകാര്യ ആശുപത്രികളെയാണ് കോവിഡ് ചികിത്സയ്ക്കായി എംപാനൽ ചെയ്തിട്ടുള്ളത്

തിരുവനന്തപുരം (11), കൊല്ലം (10), പത്തനംതിട്ട (3), ആലപ്പുഴ (3 ), കോട്ടയം (2), ഇടുക്കി (2) എറണാകുളം (15) തൃശ്ശൂർ (10) പാലക്കാട് (4) മലപ്പുറം(6) കോഴിക്കോട്(8), വയനാട് (1), കണ്ണൂർ (4), കാസർഗോഡ് (2).

ആശുപത്രികളുടെ പേരുവിവരം ചുവടെ കൊടുത്തിട്ടുള്ള ലിങ്കിൽ ലഭ്യമാണ്. http://sha.kerala.gov.in/hospital-empaneled-for-covid-2/

കോവിഡ് മഹാമാരി പടർന്നുപിടിക്കുന്ന പ്രാരംഭഘട്ടത്തിൽ തന്നെ സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിൽസാ ചെലവ് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിൽസ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി കൈക്കൊണ്ടു.

ചികിൽസാനിരക്കിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന് സ്വകാര്യ ആശുപത്രി മാനേജ്മെന്റ് പ്രതിനിധികളുമായി സർക്കാർ മുൻകൈയെടുത്ത് നടത്തിയ കൂടിയാലോചനകളിലൂടെ സ്വകാര്യ ആശുപത്രികൾക്കായി നിജപ്പെടുത്തിയ ഏകീകൃത കോവിഡ്ചികിൽസാനിരക്ക് താഴെ പറയുംപ്രകാരമാണ്

| പാക്കേജ് | സ്വകാര്യ ആശുപത്രികളുടെ നിരക്ക്പാക്കേജ് |
|---|---|
| പി പി ഇ 1 ലക്ഷം രൂപ വരെ (ഒരാൾക്ക്) | 1,000 രൂപ/യൂണിറ്റ് |
| ജനറൽവാർഡ് | 2,300രൂപ |
| എച്ച് ഡി യു | 3,300രൂപ |
| വെന്റിലേറ്റർ ഇല്ലാത്ത ഐ സി യു | 6,500രൂപ |
| വെന്റിലേറ്ററുള്ള ഐസിയു | 11,500രൂപ |

ഇതിനകം 6500 കോവിഡ്രോഗികൾക്ക് കാസ്പ് പദ്ധതിയിലൂടെ സൗജന്യ ചികിൽസ ലഭ്യമാക്കി. 16 കോടി രൂപ ഇതിനായി ചെലവഴിച്ചു.

## പൊതുജനങ്ങൾക്കുള്ള അറിയിപ്പ്


കോവിഡ് 19 ചികിത്സാസൗകര്യം ലഭ്യമാകുന്ന ആശുപത്രികളെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു (No. 31/F2/2020 Health 30th July 2020)

1. അംഗീകൃത സ്വകാര്യ ലബോറട്ടറികളിൽ നിന്നും സർക്കാർ നിജപ്പെടുത്തിയ നിരക്കിൽ കോവിഡ് 19 പരിശോധന നടത്താവുന്നതാണ്. അംഗീകൃത ലബോറട്ടറികളുടെ പട്ടിക http://dhs.kerala.gov.in/wp-content/uploads/2020/07/LIST-OF-REGOSTERED-PRIVAGTE-LABS-AB-ON-26-JULY-2020.pdf എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

2. കോവിഡ് ചികിത്സയ്ക്കും കോവിഡേതരചികിത്സയ്ക്കും ഏതൊരുവ്യക്തിക്കും സർക്കാർ-സ്വകാര്യ ആശുപത്രികളെ സമീപിക്കാവുന്നതാണ്

3. സ്വകാര്യ ആശുപത്രികളിൽ കോവിഡ് ചികിത്സ നൽകുന്നതിനും നൽകാതിരിക്കുന്നതിനും സ്വകാര്യ ആശുപത്രികളുടെമേൽ യാതൊരു നിയന്ത്രണവും സർക്കാർ ഏർപ്പെടുത്തിയിട്ടില്ല.

4. ജില്ലാ ആരോഗ്യവകുപ്പും മറ്റ് അനുബന്ധ വകുപ്പുകളും ഡോക്ടർമാരുടെ സംഘടനയും സ്വകാര്യ ആശുപത്രികളെ കോവിഡ് ചികിത്സയ്ക്കായി ശാക്തീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെചികിത്സാ മാനദണ്ഡങ്ങൾ http://dhs.kerala.gov.in/wp-content/uploads/2020/03/linter-im_24032020.pdf എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.




| | July | August | September | October |
|---|---|---|---|---|
| കാസ്പ് പദ്ധതിയിലൂടെ ചികിത്സലഭിച്ചവരുടെ ആകെ എണ്ണം | 70491 | 67404 | 77115 | 88153 |
| കാസ്പ് പദ്ധതിയിലൂടെ കോവിഡ് ചികിത്സലഭിച്ചവരുടെ ആകെ എണ്ണം | 28 | 665 | 2344 | 5301 |

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ:
**ഡോ രത്തൻ യു കേൽക്കർ IAS**
(എക്സിക്യൂട്ടീവ് ഡയറക്ടർ )

**ഡോ ബിജോയ് ഇ**
(ജോയിന്റ് ഡയറക്ടർ - ഓപ്പറേഷൻസ്)
**സുരേഷ് കെ**
(മാനേജർ- എച്ച് ആർ & അഡ്മിനിസ്ട്രേഷൻ)
**അനികൃഷ്ണ കെ**
(മാനേജർ - ജി ആർ & എം ഇ )
**വിപിൻ സി മാത്യു**
(മാനേജർ - ഫിനാൻസ്)
**ഡോ വിമൽ വി വി**
(മാനേജർ - HN & QA)
**വിവേക് കൃഷ്ണൻ പി.കെ**
(മാനേജർ - ഐ.ടി)


എഡിറ്റർ :
**ലത്തീഫ് സി**
(മാനേജർ-ഐ.ഇ.സി & സി.ബി)

അസി എഡിറ്റർ:
**വിപിൻ വി**
(എക്സിക്യൂട്ടീവ് - ഐ.ഇ.സി & സി.ബി)

എഡിറ്റോറിയൽ സഹായം:
**റെനി കുര്യാക്കോസ്**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ - തൃശ്ശൂർ)
**ജിനേഷ് കെ.പി**
(ജില്ല പ്രോജക്ട് കോ-ഓർഡിനേറ്റർ, മലപ്പുറം)

കൺസൾട്ടിങ് എഡിറ്റർ:
**അജിത് വെണ്ണിയൂർ**

# കേരളത്തിലെ നേട്ടങ്ങൾ **ദേശീയ വേദിയിൽ**




കേരളത്തിലെ പ്രവർത്തനനേട്ടങ്ങളും തനതു മാതൃകകളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ് അവതരിപ്പിക്കുന്നു

ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജനയുടെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിന് നാഷണൽ ഹെൽത്ത് അതോറിറ്റി രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി 'ആരോഗ്യമന്ഥൻ 2.0' എന്ന പേരിൽ സെപ്റ്റംബർ 22 മുതൽ 25 വരെ ഓൺലൈൻ വിലയിരുത്തൽ പരിപാടി നടത്തി. കേരളത്തിലെ പ്രവർത്തനനേട്ടങ്ങളും തനതു മാതൃകകളും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ ഐ.എ.എസ് അവതരിപ്പിച്ചു.

നാഷണൽ ഹെൽത്ത് അതോറിറ്റി സി ഇ ഒ, ഉന്നത ഉദ്യോഗസ്ഥർ, വിവിധ സംസ്ഥാനങ്ങളിലെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കോട്ടത്തറ സർക്കാർ ആശുപത്രിക്ക് **ദേശീയ പുരസ്ക്കാരം**


national health authority | QUALITY COUNCIL OF INDIA

QUALITY CERTIFICATION

Certificate no. S-2020G-00079

THIS CERTIFICATE IS PRESENTED TO

*Government Tribal Speciality Hospital*
Kottathara, Kerala-678581

In appreciation and recognition of the compliance with **Ayushman Bharat Pradhan Mantri Jan Arogya Yojana (AB PMJAY) SILVER QUALITY STANDARDS**. This certificate is valid for the scope of services as mentioned overleaf under the scheme and is subject to continued adherence with the standard. QCI reserves the right to assess the hospital anytime during the validity to ensure compliance.

Valid From: 26-Sep-2020
Valid Thru : 26-Jun-2021

SECRETARY GENERAL
Quality Council of India

പാലക്കാട് ജില്ലയിലെ കോട്ടത്തറ സർക്കാർ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്ക് ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ സിൽവർ ക്വാളിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചു. ദേശീയതലത്തിലുള്ള ഈ സർട്ടിഫിക്കറ്റ് നേടുന്ന കേരളത്തിലെ ആദ്യത്തെ സർക്കാർ ആശുപത്രിയാണിത്. ഗുണനിലവാരവുമായി ബന്ധപ്പെട്ട നൂറിലധികം ഘടകങ്ങൾ കൃത്യമായി പ്രാവർത്തികമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ദേശീയ പുരസ്ക്കാരം.

പദ്ധതി ആരംഭിച്ചശേഷം ഇതിനകം പാവപ്പെട്ട അയ്യായിരത്തിലധികം രോഗികൾക്ക് പൂർണമായും സൗജന്യ ചികിത്സ ലഭ്യമാക്കിയ ആശുപത്രിയുടെ ഗുണനിലവാരം, ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ വിജയം എന്നിവ ഓൺലൈൻ വഴി വിലയിരുത്തിയാണ് ദേശീയതലത്തിലുള്ള (Quality Council of India) സമിതി ഈ അവാർഡിനായി ആശുപത്രിയെ തെരഞ്ഞെടുത്തത്.

# 244 രോഗങ്ങൾക്ക് ഏകീകൃത ചികിത്സാ നടപടിക്രമം




ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യയോജനയുടെ ചികിത്സാ നടപടിക്രമങ്ങൾ ദേശീയതലത്തിൽ ഏകീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ നാഷണൽ ഹെൽത്ത് അതോറിറ്റി രാജ്യത്തിന്റെ 74-ാം സ്വാതന്ത്രദിനാഘോഷവേളയിൽ സ്റ്റാൻഡേർഡ് ട്രീറ്റ്മെന്റ് ഗൈഡ്ലൈൻ (എസ്.റ്റി.ജി) പുറത്തിറക്കി.

പദ്ധതി പ്രകാരമുള്ള ചികിത്സാനടപടിക്രമം രാജ്യവ്യാപകമായി ഏകീകരിക്കുക, രോഗികൾക്ക് ഗുണനിലവാരമുള്ള ചികിത്സ നൽകുക, വഞ്ചനാപരമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ

ആദ്യ ഘട്ടത്തിൽ 30 രോഗങ്ങളുടെ ചികിത്സാനടപടിക്രമങ്ങളാണ് പുറത്തിറക്കിയത്. തുടർന്ന് ഒൻപതു ഘട്ടങ്ങളിലായി 214 രോഗങ്ങളുടെ നടപടിക്രമങ്ങളും പുറത്തിറക്കി.

വിശദവിവരങ്ങൾ

https://sha.kerala.gov.in/wp-content/uploads/2020/09/circular_04092020.pdf എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.



ഹൃദ്രോഗ ചികിത്സാ മേധാവി ഡോ. ജയകുമാറിനൊപ്പം നന്ദകുമാർ

# യൗവനത്തിന്റെ ഹൃദയത്തുടിപ്പ്, കാരുണ്യയിലൂടെ

ഞാൻ നന്ദകുമാർ, വയസ്സ് 26. ജനിച്ച നാൾ തന്നെ കണ്ടെത്തിയതാണ് എന്നിലെ ഹൃദ്രോഗം. പിന്നെ വിവിധ സർക്കാർ-സ്വകാര്യ ആശുപത്രികളിൽ 26 വർഷം നീണ്ട ചികിത്സ. ലക്ഷങ്ങൾ ചെലവഴിച്ചിട്ടും രോഗം പൂർണമായി വിട്ടുമാറിയില്ല. ഇതിനിടയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി.

യൗവനത്തിന്റെ നിറവിലേക്ക് എത്തിയപ്പോൾ വീണ്ടും വില്ലനായി രോഗം. ചികിത്സിച്ച ഡോക്ടർമാരെല്ലാം ഏക സ്വരത്തിൽ പറഞ്ഞു, ഹൃദയം മാറ്റിവയ്ക്കണം, അല്ലാതെ മറ്റൊരു വഴിയുമില്ലായെന്ന്.

ശരാശരി സാമ്പത്തിക ചുറ്റുപാടിൽ ജീവിക്കുന്ന, കാൽ നൂറ്റാണ്ടോളം ചികിത്സയുമായി കഴിഞ്ഞ എനിക്ക് ലക്ഷങ്ങൾ ചെലവഴിച്ച് ഇനിയൊരു ശസ്ത്രക്രിയ താങ്ങാനാവുന്നതിനുമപ്പുറമായിരുന്നു. എങ്കിലും മനോധൈര്യം കൈവിട്ടില്ല. വഴികൾ ആരാഞ്ഞുകൊണ്ടിരുന്നു.

ആ സമയത്താണ് യാദൃച്ഛികമായി കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഹൃദ്രോഗചികിത്സാ വിഭാഗത്തെ കുറിച്ചും അതിന്റെ മേധാവികൂടിയായ ഡോ. ജയകുമാർസാറിനെക്കുറിച്ചും കേട്ടറിഞ്ഞത്. ഉടൻ ആശുപത്രിയിലെത്തി അദ്ദേഹത്തെ കണ്ടു. അപ്പോഴാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയെക്കുറിച്ച്

# പരാതി നൽകാൻ മടിക്കണ്ട, പരിഹാരമുണ്ടാവും

തിരുവനന്തപുരം സ്വദേശിയായ അമൽ തന്റെ സുഹൃത്ത് ശരത്തിനെ ഫോണിൽ വിളിച്ചു. അങ്ങേ തലയ്ക്കൽ ഫോണെടുത്ത ശരത്തിനോട് കാര്യം പറയാൻ അമൽ നന്നേ ബുദ്ധിമുട്ടി. വളരെ വിഷമത്തോടെ അമൽ പറഞ്ഞു: 'ശരത്തേ, എനിക്ക് ഒരു 30,000 രൂപ വേണം. അമ്മ ആശുപത്രിയിലാണ്. അടിയന്തരമായി ശസ്ത്രക്രിയ വേണം. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് കാർഡുണ്ടെങ്കിലും പണം അടയ്ക്കണം എന്നാണ് അവർ പറയുന്നത്".


ശരത്ത് പറഞ്ഞു: 'അമലേ, കാരുണ്യ കാർഡുണ്ടെങ്കിൽ ചികിത്സ പൂർണമായും സൗജന്യമാണ്. ആശുപത്രിക്കാർ പണം ആവശ്യപ്പെട്ടെങ്കിൽ അത് നിയമവിരുദ്ധമാണ്. ഉടൻ തന്നെ പരാതിപ്പെടണം' പക്ഷേ എവിടെ?..അമലിന് ഒരു ഐഡിയയും കിട്ടിയില്ല

ശരത്ത് പറഞ്ഞു:'പ്രധാനമന്ത്രി ജൻ ആരോഗ്യയോജനയുടെ പരാതിപരിഹാര പോർട്ടലുണ്ട്, https://cgrms.pmjay.gov.in. ഇനി അതുമല്ലെങ്കിൽ നമുക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കോൾ സെന്ററിൽ വിളിക്കാം 1056/ 0471 255 1056 എന്ന ദിശ ടോൾ ഫ്രീ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. എന്തായാലും അഞ്ച് ലക്ഷം രൂപ വരെയുള്ള ചികിത്സ സൗജന്യമാണ്.

'പ്രധാനമന്ത്രി ജൻ ആരോഗ്യയോജന'യുടെ എല്ലാ ഗുണഭോക്താക്കൾക്കും പ്രയോജനപ്പെടുന്ന ഒരറിവാണിത്. നിങ്ങളുടെ പരാതികൾ എന്തുമാവട്ടെ https://cgrms.pmjay.gov.in എന്ന ഓൺലൈൻ പോർട്ടലിൽ പരാതിപ്പെടുക. അല്ലെങ്കിൽ ദിശയുടെ സൗജന്യ കോൾസെൻറർ സേവനം ഉപയോഗപ്പെടുത്തുക - ഫോൺ നമ്പർ 1056/ 0471 255 1056

സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ ജില്ലാ ഉദ്യോഗസ്ഥർക്കോ സംസ്ഥാന ഉദ്യോഗസ്ഥർക്കോ നേരിട്ടും പരാതി നൽകാവുന്നതാണ്. ഗുണഭോക്താക്കൾക്ക് മാത്രമല്ല, ആരോഗ്യ സേവനദാതാക്കൾക്കും ഇത്തരത്തിൽ പരാതികൾ രജിസ്റ്റർ ചെയ്യാവുന്നതാണ്

**-ബിസ്മി എസ് ജി നായർ**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
തിരുവനന്തപുരം



അറിഞ്ഞത്. ഹൃദയമാറ്റ ശസ്ത്രക്രിയയ്ക്ക് ആകെ വേണ്ടിയിരുന്നത് അഞ്ച് ലക്ഷം രൂപ. കാരുണ്യ പദ്ധതിയിലുൾപ്പെടുത്തി ആ ചെലവു മുഴുവനും സർക്കാർ വഹിക്കുമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു നൽകിയപ്പോൾ ആശ്വാസമായി.

പിന്നെ കാര്യങ്ങൾ ദ്രുതഗതിയിലായി. ഒരു ദാതാവിനെ ലഭിച്ചു. അങ്ങനെ 2020 ആഗസ്റ്റ് 14 ന് ഹൃദയം മാറ്റിവെച്ചു. ഇപ്പോൾ ഞാൻ സാധാരണ ജീവിതത്തിലേക്ക് തിരികെ എത്തിയിരിക്കുന്നു.

എന്റെ ജീവൻ ദാനം ലഭിച്ചതാണ്. എല്ലാറ്റിനും വഴികാട്ടിത്തന്ന ഈശ്വരന് നന്ദി. എന്റെ ഇന്നത്തെ ജീവിതത്തിന് ഞാൻ ഏറ്റവും കടപ്പെട്ടിരിക്കുന്നത് കേരള സർക്കാരിനോടും കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയോടും ആണ്. സ്റ്റേറ്റ് ഹെൽത്ത് ഏജൻസി പ്രവർത്തകർക്കും ഡോകൂർമാർക്കും അങ്ങനെ എന്റെ ജീവിതം എനിക്ക് തിരികെതന്ന എല്ലാവർക്കും ഹൃദയത്തിൽ തൊട്ട് ഞാൻ നന്ദി അർപ്പിക്കുന്നു .

**-നന്ദകുമാർ എസ്**
എറണാകുളം





*അസൈനാർ*

# ആശ്വാസം അതിവേഗം

**കോഴിക്കോട് മെഡിക്കൽകോളേജ് ഹോസ്പിറ്റലിൽ രണ്ട് വർഷത്തോളമായി കാസ്പ് ഇൻഷുറൻസ് വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ ആയി ജോലി ചെയ്തുവരികയാണ് ഞാൻ. ഹോസ്പിറ്റൽ ജോലിക്കിടയിൽ പല അനുഭവങ്ങളും ഉണ്ടാവാറുണ്ട്. നല്ലതും അല്ലാത്തതും.. അതിൽ ചിലതൊക്കെ ജീവിതത്തിൽ മറക്കാനാവാത്തതാണ്. അതിൽ ഒന്ന് ഇവിടെ കുറിക്കട്ടെ.**

നന്ദി പറയാൻ ആ അമ്മയുടെ പക്കൽ വാക്കുകളില്ലായിരുന്നു. പകരം കണ്ണുനീർമാത്രം. കോവിഡ് സാഹചര്യം പോലും മറന്ന് അവർ ഞങ്ങളുടെ ഒരോരുത്തരുടെയും അരികിൽ ഓടിവന്നു. കൈകൾ കൂപ്പി. ചിലരുടെ കൈകൾ ചേർത്തു പിടിച്ചു.

പലർക്കും ആ കൈകൾ വിടുവിക്കാൻ തോന്നിയില്ല. നന്ദിയുടെ, ആശ്വാസത്തിന്റെ തെളിനീർ ആ കൈകളിൽ ഒലിച്ചിറങ്ങുംപോലെ തോന്നി.

തന്റെ ഭർത്താവ് അസൈനാറിന്റെ ജീവൻ രക്ഷിക്കുന്നതിനുള്ള വഴി തുറന്നതിന് നന്ദി പറയാൻ എത്തിയതാണ് ആ വീട്ടമ്മ.

മലപ്പുറം ജില്ലയിലെ വഴിക്കടവ് സ്വദേശിയാണ് അസൈനാർ. 52 വയസ്സ്. ഭാര്യയും നാലു പെൺമക്കളും അടങ്ങുന്ന കുടുംബം. കൂലിപ്പണിയെടുത്താണ് അദ്ദേഹം കുടുംബം പുലർത്തുന്നത്. മൂത്ത കുട്ടിക്ക് ശാരീരിക വൈകല്യം ഉണ്ട്. കുടുംബത്തിൽ വേറെ ആർക്കും ജോലി ഇല്ല .

ഒരു ദിവസം ജോലി സ്ഥലത്തു വെച്ച് അസഹനീയമായ വയറുവേദന അനുഭവപ്പെട്ടു. അടുത്തുള്ള സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി. അവിടെ നിന്ന് നിലമ്പൂർ ആശുപത്രിയിലേക്കും തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിലേക്കും റഫർ ചെയ്തു. മൂന്നു മാസത്തോളം മെഡിക്കൽ കോളേജിൽ ചികിത്സിച്ചു.

ശസ്ത്രക്രിയ വേണമെന്നും അഞ്ചു ലക്ഷംരൂപ ചിലവു വരുമെന്നും ഡോക്ടർ പറഞ്ഞപ്പോൾ ആകെ വിഷമത്തിലായി. ആരോഗ്യ ഇൻഷുറൻസ് കാർഡ് കൈയിൽ ഉള്ളതായിരുന്നു ഏക പ്രതീക്ഷ. ഉടൻ തന്നെ ഇൻഷുറൻസ് ആനുകൂല്യത്തിനു വേണ്ടി അപേക്ഷിച്ചു Endo Vascular Anuerysm Repair സർജറി ആണ് ഡോക്ടർ നിർദേശിച്ചത് ഹൃദയത്തിൽ ബ്ലഡ്പ്രഷർ കൂടുന്നതും കുറയുന്നതും അനുസരിച്ച് അയോർട്ടിക് വാൽവിന്റെ കട്ടി കുറയുകയും ബലൂൺ ആവുകയും ചെയ്യുന്ന അവസ്ഥയാണ് Anuerysm. ബ്ലഡ്പ്രഷർ കൂടുമ്പോൾ അയോർട്ടിക് വാൽവിന്റെ കട്ടികുറഞ്ഞ ഭാഗം ബലൂൺ പോലെ വീർക്കുകയും പൊട്ടുകയും രോഗി ഗുരുതരാവസ്ഥയിൽ ആവുകയും ചെയ്യും. സപ്പോർട്ടിങ്മെഷീൻ ആയി കോയിൽ ഉപയോഗിച്ച് കട്ടികുറഞ്ഞ ഭാഗം ബലൂൺ ആവുന്ന അവസ്ഥ തടയുന്ന ഓപ്പറേഷൻ ആണ് ആവശ്യം. കാസ്പ് പാക്കേജ് ലിസ്റ്റിൽ ഉൾപ്പെടാത്തതും ഒരുലക്ഷത്തിനു മുകളിൽ ചെലവ് വരുന്നതുമാകയാൽ ജില്ലാ തലത്തിൽ നിന്നും പിന്നെ സംസ്ഥാന-ദേശീയ തലങ്ങളിൽ നിന്നും അംഗീകാരം കിട്ടണം. അതിനു വേണ്ടി ഇമെയിൽ വഴിയും ഫോൺ മുഖേനയും ചികിത്സാവിവരങ്ങൾ ശേഖരിച്ച് അപേക്ഷ സമർപ്പിച്ചു. ഒട്ടും വൈകാതെ അഞ്ചു ലക്ഷം രൂപയുടെ ആനുകൂല്യം അംഗീകരിച്ചുകിട്ടി.

അർഹതപ്പെട്ട ആനുകൂല്യം അപ്രതീക്ഷിതമായി അതിവേഗം അനുവദിച്ചു കിട്ടിയത്തിന്റെ നന്ദി പറയാനാണ് ആ വീട്ടമ്മ കൗണ്ടറിൽ ഓടിഎത്തിയത്. ശസ്ത്രക്രിയ കഴിഞ്ഞ് തുടർചികിത്സയിലാണിപ്പോൾ അസൈനാർ.

**-മുംതാസ് കുറ്റിക്കാട്ടൂർ**
ഡാറ്റാഎൻട്രി ഓപ്പറേറ്റർ
കോഴിക്കോട്മെഡിക്കൽ കോളേജ്

# ദുരിതപർവ്വം താണ്ടി, അമ്പിളി ഇനി സാധാരണജീവിതത്തിലേക്ക്

അമ്പിളി ഷൈബു ഇനി സാധാരണ ജീവിതത്തിലേക്ക്. ചെവിയിലെ അണുബാധയും തുടർന്നുണ്ടായ കേൾവിക്കുറവും വേദനയും മൂലം കുറെ വർഷങ്ങളായി ദുരിതക്കയത്തിലായിരുന്നു തൊടുപുഴ ഉടുമ്പന്നൂർ സ്വദേശിയായ ആ മുപ്പത്തിയാറുകാരി.



ചെവിയിലുണ്ടായ പ്രശ്നങ്ങൾക്ക് പരിഹാരം തേടി വിവിധ ആശുപത്രികളിൽ കയറിയിറങ്ങിയ ഇവർക്ക് അൽഅസ്ഹർ മെഡിക്കൽ കോളേജിലെ വിദഗ്ധ സംഘവും കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയും കൈകോർത്തപ്പോൾ സാധാരണ ജീവിതത്തിലേക്ക് തിരിച്ചെത്താനായി. ഇൻകസ്ട്രാൻസ്പൊസിഷൻ ഓസികളോപ്ലാസ്റ്റി എന്ന സർജറിയിലൂടെയാണ് അവർ രോഗമുക്തയായത്. ഇ.എൻ.ടി വിഭാഗത്തിൽ എത്തിയ അമ്പിളിക്ക് ഇരുചെവികൾക്കും കേൾവി തകരാറുകൾ ഉണ്ടെന്ന് പ്യൂർടോൺ ഓഡിയോമെട്രി ടെസ്റ്റ്, പ്ലെയ്ൻ എക്സ്‌റേ എന്നിവയിലൂടെ കണ്ടെത്തുകയും സർജറി നിർദ്ദേശിക്കുകയുംചെയ്തു. സർജറിക്ക് ഏകദേശം 40,000 രൂപ ചെലവ് വരും. അത് താങ്ങാൻ കഴിയുന്ന അവസ്ഥയിലായിരുന്നില്ല അമ്പിളിയും കൂലിപ്പണിക്കാരനായ ഭർത്താവും. ഈ അവസരത്തിലാണ് കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി ഇവർക്ക് കൈത്താങ്ങായത്.

അനസ്തേഷ്യാ വിഭാഗം ഡോക്ടർ നബീൽ, ഇ.എൻ.ടി വിഭാഗം സർജൻ ഡോ. ഡേവിസ് എന്നിവരുടെ നേതൃത്വത്തിൽ ആറുമണിക്കൂറോളം നീണ്ടുനിന്ന ശസ്ത്രക്രിയയിലൂടെയാണ് ശ്രമകരമായ ആ ദൗത്യം പൂർത്തീകരിക്കാനായത്. ഒരാഴ്ചത്തെ ആശുപത്രിവാസം കഴിഞ്ഞ് ഡിസ്ചാർജ് ആയി സാധാരണജീവിതത്തിലേക്ക് തിരിച്ചു പോകുന്ന അമ്പിളിയുടെ കണ്ണുകളിലെ തിളക്കം ഇപ്പോഴും മനസ്സിൽ മായാതെ നിൽക്കുന്നു.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒട്ടേറെ രോഗികൾക്ക് അനുഗ്രഹവും ഉപകാരപ്രദവുമാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി. ഇതിൽ ഭാഗമാകാൻ സാധിച്ചതിൽ ഞങ്ങളും ഏറെ സന്തോഷിക്കുന്നു.

**– അഞ്ജു**
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അൽഅസ്ഹർ മെഡിക്കൽ കോളേജ്, തൊടുപുഴ

# കോവിഡ് ചികിത്സ: പൊതു – സ്വകാര്യ പങ്കാളിത്തത്തിൽ മാതൃകയായി മലപ്പുറം

കാൽപന്തുകളിക്കാരുടെ കളരിയാണ് മലപ്പുറം. സ്പോർട്സ്മാൻ സ്പിരിറ്റാണ് നാടിന്റെ മുഖമുദ്ര. കോവിഡ് പ്രതിരോധത്തിന്റെ കാര്യത്തിലും മലപ്പുറം മത്സരക്കളത്തിലാണ്. മഞ്ചേരി മെഡിക്കൽ കോളേജിനെ കോവിഡ് -19 ആശുപത്രിയാക്കി ആദ്യനാളുകളിൽ തന്നെ ജില്ല കർമനിരതമായിരുന്നു. തുടർന്ന് ആവശ്യാനുസരണം സി.എഫ്.എൽ.റ്റി.സി കൾ സ്ഥാപിച്ച് സന്നാഹം വിപുലീകരിച്ചു. അതുകൊണ്ടും അവസാനിച്ചില്ല, മലപ്പുറത്തിന്റെ അതിജീവന പരീക്ഷണം.



സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ 'കാസ്പ്' പദ്ധതിയിൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തി ചികിത്സാസംവിധാനം വിപുലീകരിച്ച് പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ മലപ്പുറം അനുകരണീയ മാതൃക സൃഷ്ടിച്ചു. സ്വകാര്യ ആശുപത്രികളുടെ മാനേജ്മെന്റ് പ്രതിനിധികൾ, ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ, ഐ.ഡി.എ, സി.എച്ച്.എ.ഐ, കെ.പി.എച്ച്.എ.ഐ തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളുടെ യോഗം വിളിച്ച് രൂപം നൽകിയ സംയുക്ത കർമപദ്ധതി ഫലം കണ്ടു. സർക്കാർ ആശുപത്രികളിൽ നൽകുന്ന സൗജന്യ ചികിത്സ അതേ പ്രോട്ടോക്കോൾ പ്രകാരം കാസ്പ് എംപാനൽ വ്യവസ്ഥയിൽ നൽകാൻ സ്വകാര്യ ആശുപത്രികളും തയ്യാറായി. മെഡിക്കൽ കോളേജിലെ കോവിഡ് വിഭാഗം അവർക്ക് നേരിട്ട് പരിശീലനം നൽകി. കാസ്പിന്റെ ഇൻഷുറൻസ് കാർഡ് ഇല്ലാത്ത, അർഹരായ എല്ലാവർക്കും സൗജന്യ ചികിത്സ നൽകാനും ഏർപ്പാടാക്കിയതോടെ ആശങ്കകൾ അകന്നു. ഇതിനകം 2398 കോവിഡ് രോഗികൾക്കാണ് സ്വകാര്യ ആശുപത്രികളിൽ ഈ പദ്ധതിപ്രകാരം ചികിത്സ നൽകിയത്, കാസ്പ് മുഖേന 1435 പേർക്കും. കോവിഡിന് എതിരായ കൂട്ടായ പോരാട്ടം ഇപ്പോഴും തുടരുകയാണ്.

**–ഡോ എ ഷിബുലാൽ**
ജില്ലാ പ്രോഗ്രാം മാനേജർ
ആരോഗ്യകേരളം

## ചോദിക്കൂ, പറയാം

## ഗുണഭോക്താക്കളുടെ സംശയങ്ങളും മറുപടിയും

***ഹീമോഫീലിയ, സിക്കിൾ സെൽഅനിമിയ, തലസീമിയ, വൃക്ക മാറ്റിവെക്കൽ തുടങ്ങിയവയ്ക്കുള്ള ചികിത്സ, അവയവ ദാതാവിന് ഒരു ലക്ഷം രൂപ നൽകുന്ന പദ്ധതി എന്നിവ നിർത്തലാക്കിയോ ?***

കാസ്പ് ഹെൽത്ത് ബെനിഫിറ്റ് പാക്കേജിൽ ലഭ്യമല്ലാത്ത മുകളിൽ പറഞ്ഞിരിക്കുന്ന ചികിത്സകളും അനുബന്ധ നടപടിക്രമങ്ങളും ഉറപ്പുവരുത്തുന്നതിന് നാഷണൽ ഹെൽത്ത് മിഷനെ ചുമതലപ്പെടുത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

കേരളത്തിൽ നാല് മേഖല ഹീമോഫീലിയ ചികിത്സാ കേന്ദ്രങ്ങളാണ് നിലവിലുള്ളത്. 1. മെഡിക്കൽ കോളേജ് ആശുപത്രി തിരുവനന്തപുരം (എസ്.എ.റ്റി), 2. ജില്ലാ ആശുപത്രി, ആലുവ, 3. മെഡിക്കൽ കോളേജ് ആശുപത്രി കോഴിക്കോട്, 4. ജില്ലാ ആശുപത്രി മാനന്തവാടി. ഈ കേന്ദ്രങ്ങളിൽ രോഗനിർണ്ണയവും ചികിത്സയും ലഭ്യമാണ്. ഇതിനായി ലോക ഹീമോഫീലിയ ഫെഡറേഷൻ നിഷ്ക്കർഷിച്ചിട്ടുള്ള പരിശീലനം പൂർത്തിയാക്കിയ ഡോക്ടർമാരുടെയും സ്റ്റാഫ് നേഴ്സുമാരുടെയും സേവനം ലഭ്യമാണ്. കൂടാതെ ഫിസിയോതെറാപ്പിസ്റ്റ്, കൗൺസലർ എന്നിവരുടെ സേവനവും രോഗികൾക്കും അവരുടെ കുടുംബത്തിനും ലഭിക്കും.

ഹീമോഫീലിയ ചികിത്സാ കേന്ദ്രങ്ങൾ ഇല്ലാത്ത കേന്ദ്രങ്ങളിൽ ജില്ലാ ഡേകെയർ സെന്ററുകൾ സജ്ജീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന 10 ജില്ലകളിലെ ജില്ലാ ആശുപത്രികളാണ് ഇതിനായി ഒരുക്കിയിരിക്കുന്നത്.

1. ജില്ലാ ആശുപത്രി കൊല്ലം, 2. കോഴഞ്ചേരി 3. മാവേലിക്കര, 4. കോട്ടയം 5.ഇടുക്കി 6.പാലക്കാട് 7. തൃശ്ശൂർ 8. തിരൂർ 9. കണ്ണൂർ 10. കാഞ്ഞങ്ങാട്

***എന്താണ് കോവിഡ് 19 ?***

കൊറോണ വൈറസ് കുടുംബത്തിൽപ്പെട്ട സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കൊറോണ വൈറസ്സ് 2 ( SARS CoV2 ) മൂലമുണ്ടാകുന്ന രോഗമാണ് കോവിഡ് 19 (COVID 19) എന്ന ലോക മഹാമാരി.

***എന്താണ് ഇൻക്യൂബേഷൻ കാലാവധി ?***

ഒരു രോഗാണു ശരീരത്തിൽ പ്രവേശിച്ച് ആദ്യത്തെ രോഗലക്ഷണം പ്രകടമാകാൻ എടുക്കുന്ന സമയത്തെയാണ് ഇൻക്യൂബേഷൻ കാലാവധി എന്ന് പറയുന്നത്.

***കൊറോണ വൈറസ്സിന്റെ ഇൻക്യൂബേഷൻ കാലാവധി എത്രയാണ് ?***

കൊറോണ വൈറസ്സിന്റെ ഇൻക്യൂബേഷൻ കാലാവധി 2 മുതൽ 14 ദിവസം വരെ ആകാം. എന്നാൽ സാധാരണ ഗതിയിൽ ഇത് അഞ്ച് മുതൽ ആറു ദിവസം വരെയാണ്.


***ഏതെല്ലാം രീതിയിലാണ് രോഗ പകർച്ച ഉണ്ടാകുന്നത് ?***

വ്യക്തികളിൽ നിന്നും വ്യക്തികളിലേക്കുള്ള വ്യാപനം സ്രവകണങ്ങൾ വഴിയുള്ള പകർച്ച (ഡ്രോപ്ലെറ്റ്ട്രാൻസ്മിഷൻ)

സമ്പർക്കം മൂലമുള്ള രോഗപകർച്ച (കോണ്ടാക്റ്റ് ട്രാൻസ്മിഷൻ )

വായുവിലൂടെ ഉള്ള രോഗ പകർച്ച (എയർബോൺ ട്രാൻസ്മിഷൻ )

# എസ്.റ്റി.ജി: പദ്ധതി പങ്കാളികൾക്ക് പരിശീലനം




ദേശീയതലത്തിൽ പരിഷ്കരിച്ച ഏകീകൃത ചികിത്സാ നടപടിക്രമം അനുസരിച്ച് 244 രോഗങ്ങളുടെ കാര്യത്തിൽ ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ വന്ന മാറ്റങ്ങളെപ്പറ്റി പദ്ധതി പങ്കാളികളായ ആശുപത്രികളിലെ ഡോക്ടർമാർ, പി.ആർ.ഓമാർ, മെഡിക്കൽ കോ-ഓർഡിനേറ്റർമാർ എന്നിവർക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഓൺലൈൻ പരിശീലനം നൽകി. എസ്.എച്ച്.എ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ രത്തൻ ഖേൽക്കർ ഉദ്ഘാടനം ചെയ്തു. നാഷണൽ ഹെൽത്ത് അതോറിറ്റി ഹോസ്പിറ്റൽ നെറ്റ്വർക്കിങ് ക്വാളിറ്റി അഷ്വറൻസ് സീനിയർ കൺസൾട്ടന്റ് ഡോ സുധചന്ദ്രശേഖർ നേതൃത്വം നൽകി. ഐ.ഇ.സി മാനേജർ സി.ലത്തീഫ് മോഡറേറ്റർ ആയിരുന്നു. 250 പേർ പരിശീലനത്തിൽ പങ്കെടുത്തു.

# കാരുണ്യകേരളം

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
വാർത്താപത്രിക

വാല്യം : 01
ലക്കം : 02
2020 നവംബർ


## 'കാരുണ്യകേരളം' വാർത്താപത്രിക പ്രകാശനം




*സ്റ്റേറ്റ്ഹെൽത്ത് ഏജൻസിയുടെ 'കാരുണ്യകേരളം' വാർത്താപത്രിക ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ.കെ.ശൈലജ ടീച്ചർ പ്രകാശനം ചെയ്യുന്നു.*

സ്റ്റേറ്റ്ഹെൽത്ത് ഏജൻസിയുടെ 'കാരുണ്യകേരളം' വാർത്താപത്രിക ആരോഗ്യ കുടുംബക്ഷേമ മന്ത്രി കെ.കെ.ശൈലജ ടീച്ചർ പ്രകാശനം ചെയ്തു. ചടങ്ങിൽ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.രാജൻ എൻ ഖോബ്രഗഡെ ഐ.എ.എസ്, സ്റ്റേറ്റ്ഹെൽത്ത് ഏജൻസി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.രത്തൻ ഖേൽക്കർ ഐ.എ.എസ്, ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ്, മറ്റ് ഉദ്യോഗസ്ഥർ, കാസ്പ് കാർഡ് ഉടമസ്ഥരായ ഗുണഭോക്താക്കൾ എന്നിവർ പങ്കെടുത്ത വെർച്വൽ ചടങ്ങിലായിരുന്നു പ്രകാശനം. പദ്ധതി സംബന്ധിച്ച അറിയിപ്പുകൾ, നേട്ടങ്ങൾ, ഗുണഭോക്താക്കളുടെ സംശയ ദൂരീകരണം എന്നിവയാണ് പ്രധാനമായും വാർത്താപത്രികയുടെ ഉള്ളടക്കം.

## ഗുണഭോക്താക്കളുടെ ഓൺലൈൻസംഗമം



*കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 250 ഗുണഭോക്താക്കളുടെ ഓൺലൈൻ സംഗമം ആരോഗ്യ, കുടുംബക്ഷേമ മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു*

ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയുടെ രണ്ടാം വാർഷികാഘോഷത്തിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 250 ഗുണഭോക്താക്കളുടെ ഓൺലൈൻ സംഗമം സെപ്തംബർ 28 ന് നടത്തി. ആരോഗ്യ, കുടുംബക്ഷേമ മന്ത്രി കെ.കെ.ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്തു. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ ആദ്ധ്യക്ഷം വഹിച്ചു. എസ്. എച്ച്. എ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ നേട്ടങ്ങളും ഭാവിപരിപാടികളും വിശദീകരിച്ചു. ജോയിന്റ് ഡയറക്ടർ ഡോ. ബിജോയ് സ്വാഗതവും ഐ. ഇ.സി മാനേജർ ലത്തിഫ് സി. നന്ദിയും പറഞ്ഞു.

കാസ്പ് പദ്ധതിയിൽ നിന്ന് 5 ലക്ഷം രൂപ ചെലവഴിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഹൃദയം മാറ്റൽ ശസ്ത്രക്രിയയിലൂടെ ജീവിതത്തിലേക്ക് തിരികെ നടന്ന കോട്ടയം കൊട്ടിയത്ത് വീട്ടിൽ കെ.സി.ജോസ്, ഹിപ്പ് റീപ്ലേസ്മെന്റ് സർജറി ചെയ്ത കൊല്ലം സ്വദേശിനി മേരി, ഹൃദയം മാറ്റൽ ശസ്ത്രക്രിയ ചെയ്ത എറണാകുളം സ്വദേശി നന്ദകുമാർ, കാൻസർ ചികിൽസാസഹായം ലഭിച്ച ആശാവർക്കർ തിരുവനന്തപുരം സ്വദേശി നിശാറാണി തുടങ്ങിയവർ തങ്ങളുടെ അനുഭവവും നന്ദിയും സംഗമത്തിൽ പങ്കുവെച്ചു.


Edited and published by Dr. Rathan U Kelkar IAS, Executive Director, State Health Agency for and on behalf of State Health Agency, Department of Health and Family Welfare, Government of Kerala. Editor: C Latheef. Design and layout: Arun. V. Dev (Devgraph)
(For Private Circulation only)